കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പെരിനാട് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

e-mail:doklm.ksad@kerala.gov.in

(രജിസ്റ്റർചെയ്ത കൈപ്പറ്റുചീട്ടുസഹിതം)

നം.കെ.എസ്.എ.കെ.എൽ.എം.പി 4/1615/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ കാര്യാലയം, കൊല്ലം

തീയതി –12/10/2017.

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പെരിനാട് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : പെരിനാട് ഗ്രാമപഞ്ചായത്ത് 2016–2017 സാമ്പത്തികവർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾപ്രകാരം പെരിനാട് ഗ്രാമപഞ്ചായത്തിന്റെ 2016–2017 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗംകൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ

ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,കൊല്ലം

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.എൽ.എം.പി-4/1615/2017തീയതി: 12/10/2017

## കൊല്ലം ജില്ലയിലെ പെരിനാട് ഗ്രാമപഞ്ചായത്തിന്റെ 2016 - 2017 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ പെരിനാട് ഗ്രാമപഞ്ചായത്തിന്റെ 2016 - 2017 സാമ്പത്തികവർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 08.10.16 മുതൽ 20.07.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽനിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽനിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനംനൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ | ശ്രീമതി.ഗീത.എം, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 21-07-2017 മുതൽ 28-07-2017വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി .ജി. സിന്ധു , ഓഡിറ്റ് ഓഫീസർ<br>ശ്രീമതി.അമ്പിളി.ജി, സീനിയർഗ്രേഡ് ഓഡിറ്റർ<br>ശ്രീ.സുബി, സീനിയർഗ്രേഡ് ഓഡിറ്റർ<br>ശ്രീമതി.സുലേഖ, ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ അനിൽ | 01-04-2016മുതൽ 31-03-2017 വരെ |
| സെക്രട്ടറി | ശ്രീ.ബാബുരാജ് | 01-04-2016 മുതൽ 31-03-2017 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എൻജിനിയർ | ശ്രീ.സന്തോഷ് കുമാർ.എസ് | 01-4-2016മുതൽ 31-03-2017 വരെ |
| വി.ഇ.ഒ -1 | ശ്രീ.ജിപ്സൺ കെ. | 01-4-2016മുതൽ 25-12-16 വരെ |
| | ശ്രീ. കൃഷ്ണപ്രസാദ് | 26-12-2016മുതൽ 31-3-2017വരെ |
| വി.ഇ.ഒ – 2 | ശ്രീ.ഷെമീർ | 1-4-2016 മുതൽ 9-3-2017വരെ |
| | ശ്രീമതി ബിന്ദു.പി. | 10-03-2017മുതൽ 31-03-201 7 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി സമീന | 01-4-2016മുതൽ 31-03-2017 വരെ |
| കൃഷി ഓഫീസർ | ശ്രീ.ബൈജു. ജി | 01-4-2016മുതൽ 31-03-2017 വരെ |
| ഹെഡ്മിസ്ട്രസ് | ശ്രീമതി.ശ്രീകുമാരി | 01-4-2016മുതൽ 31-03-2017 വരെ |
| എം.ഒ. ആയുർവേദം | ഡോ. പി.കെ.ചിത്ര | 01-04-2016 മുതൽ 31-03-2017വരെ |
| എം.ഒ., പി.എച്ച്.സി | ഡോ.ജോമി തോമസ് | 01-04-2016 മുതൽ 31-03-2017 വരെ |

| | | |
|---|---|---|
| എം.ഒ.ഹോമിയോ | ഡോ.അഞ്ജനാ.എസ്.പിള്ള | 01-04-2016 മുതൽ<br>31-03-2017 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ.ബിജു.പി | 01-04-2016മുതൽ<br>31-03-2017വരെ |
| അസ്സിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി. ഷീല.എൽ | 01-04-2016 മുതൽ<br>31-03-2017 വരെ |

## ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തികവിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം 2 | |
| | രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ- | 2-1 |

| | | |
|---|---|---|
| | വിശദാംശങ്ങൾ | |
| | തൊഴിൽനികുതി ഈടാക്കിയിയിട്ടില്ല | 2-2 |
| | ഡി&ഒ ലൈസൻസ് -തൊഴിൽ നികുതി സംബന്ധിച്ച് | 2-3 |
| | ഭാഗം 3 | |
| 12 | ഇ.എം.എസ് ഭവന പദ്ധതി ലോൺ അക്കൗണ്ട്- ഒടുക്കുന്ന മുതൽ പലിശയിൽ അഡ്ജസ്റ്റ് ചെയ്യുന്നനടപടി ക്രമരഹിതം | 3-1 |
| 13 | ദേശീയ പെൻഷൻപദ്ധതി-വസൂലാക്കിയ പെൻഷൻ വിഹിതവും ആനുപാതികമായ പഞ്ചായത്ത് വിഹിതവും അടവാക്കിയില്ല | 3-2 |
| 14 | ദേശീയ പെൻഷൻ പദ്ധതിയിലെ വിഹിതം തിരികെ നൽകി | 3-3 |
| 15 | ഫണ്ടുകളുടെ വിനിയോഗത്തിൽ ഗുരുതര വീഴ്ച -1,15,96,676/- രൂപ ചെലവഴിക്കപ്പെട്ടിട്ടില്ല. | 3-4 |
| 16 | ഐ.കെ.എമ്മിന് അടക്കേണ്ട വിഹിതം-കൈപ്പറ്റ് രസീത്, വിനിയോഗം ഇല്ല | 3-5 |
| 17 | സ്ഥലംമാറ്റ യാത്രാബത്ത -പേഴ്സണൽ എഫക്ട്സിന് അധികം തുക അനുവദിച്ചു | 3-6 |
| 18 | കോൺഫറൻസ് ഹാളിന് ഫർണീച്ചർ -ഇല്ലാത്ത ഇനങ്ങൾക്ക് തുക നൽകി | 3-7 |
| 19 | തെരുവു വിളക്കുകൾക്ക് പുതിയ ഉപകരണങ്ങൾ വാങ്ങൽ-തുക അധികം നൽകി | 3-8 |
| 20 | വ്യക്തിഗത കക്കൂസ് നിർമ്മാണം-പണി പൂർത്തിയാക്കിയില്ല | 3-9 |
| 21 | തുക ചെലവഴിച്ചിട്ടും ഉപകരണം സ്ഥാപിച്ചിട്ടില്ല | 3-10 |
| 22 | അങ്കണവാടികൾക്ക് പ്ലംബിംഗ് വാട്ടർ കണക്ഷനും | 3-11 |
| 23 | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 3-12 |

| | | |
|---|---|---|
| 24 | മരുന്ന്/ഉപകരണങ്ങൾ പൂർണ്ണമായി ലഭ്യമാക്കിയിട്ടില്ല | 3-13 |
| 25 | എസ്.എസ്.എ-യ്ക്ക് വിഹിതം നൽകൽ- അധികം തുക നൽകി | 3-14 |
| 26 | കുഴിയത്ത് പാടശേഖരസമിതി കെട്ടിടനിർമ്മാണം, 67/17 | 3-15 |
| 27 | ഡീസൽ പമ്പ് സെറ്റ് | 3-16 |
| 28 | ഇ.എം.എസ് ഭവനപദ്ധതി തുക ബാക്കി നിൽക്കുന്നു.. | 3-17 |
| | ഭാഗം 4 | |
| 29 | സംയുക്തപദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 30 | ഡിപ്പോസിറ്റ് വർക്കുകൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 31 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 32 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 33 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 34 | ഓഡിറ്റ് റിക്കവറി | 4-6 |
| 35 | സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 36 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 37 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-9 |
| 38 | ഓഡിറ്റ് സാക്ഷ്യപത്രം | 4-10 |


# ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

2016 – 2017 വർഷത്തെ ബജറ്റ് 3.3.2016 തീയതിയിലെ IIാംനമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷികധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2017 | 29-06-2017 | ഇല്ല | ഇല്ല |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 26-07-2017 | സർട്ടിഫിക്കറ്റ് ഈ റിപ്പോർട്ടിനോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുണ്ട് |

1)ബഡ്ജറ്റ് ഫങ്ഷൻ-ഫങ്ഷനറി സമ്പ്രദായപ്രകാരമല്ല തയ്യാറാക്കിയിട്ടുള്ളത്.
2)ക്യാപ്പിറ്റൽ വർക്ക്-ഇൻ പ്രോഗ്രസ് തുക യഥാർത്ഥ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.
3)ബാലൻസ് ഷീറ്റ്പ്രകാരം പ്രോപ്പർട്ടിടാക്സിനത്തിൽ പിരിച്ചെടുക്കാൻ കഴിയാത്ത തുകയ്ക്ക് പ്രൊവിഷൻ രേഖപ്പെടുത്തിക്കാണുന്നു. പ്രൊവിഷൻ നൽകുന്നതിനുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.

## 1-4 സാമ്പത്തികവിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,24,09,696.50 |
| വരവ് | 6,31,53,919 |
| ആകെ | 7,55,63,615.50 |
| ചെലവ് | 5,90,12,696 |
| നീക്കിയിരിപ്പ് | 1,65,50,919.50 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 14182503 | 14182503 | 14182503 | 0 | 100 |
| വികസനഫണ്ട് എസ്.സി.പി. | 0 | 7185647 | 7185647 | 7185647 | 0 | 100 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 23532 | 23532 | 23532 | 0 | 100 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 293107 | 293107 | 293107 | 0 | 100 |

| | | | | | | |
|---|---|---|---|---|---|---|
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 4717950 | 4717950 | 4717950 | 0 | 100 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 6011470 | 6011470 | 6011470 | 0 | 100 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 3587808 | 3587808 | 3587808 | 0 | 100 |
| എം.എൻ.ആർ.ഇ.ജി.എസ്. | 2065 | 12938794 | 13940859 | 12932648 | 8211 | 99.9 |
| ബി ഫണ്ട് | 0 | 43872805 | 43872805 | 43872805 | 0 | 100 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്കുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 168 | 7,08,79,027 | 114 | 4,10,47,581 | 2 | 52 | 67.8 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെപ്പറയുംപ്രകാരം 25.8 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 33,83,825 | 49,16,971 | | |
| നികുതിയേതര വരവുകൾ | 10,99,813 | 22,24,852 | | |
| മറ്റുവരവുകൾ | 99,90,378 | 1,10,71,405 | | |
| ആകെ | 1,44,74,016 | 1,82,13,228 | 37,39,212 | 25.8% |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 3,46,200 | 215 |
| കർഷകതൊഴിലാളി പെൻഷൻ | 7,67,260 | 80 |
| വിധവാപെൻഷൻ | 1,54,74,760 | 1351 |
| വാർദ്ധക്യകാലപെൻഷൻ | 2,18,16,185 | 2282 |
| വികലാംഗപെൻഷൻ | 43,18,950 | 432 |
| അൻപതു വയസ്സിനുമേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള ധനസഹായം | 43,18,950 | 48 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 6,90,000 | 23 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 06-07-2017-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 11,373/-രൂപ ക്യാഷ് ചെസ്റ്റിൽ നീക്കിയിരിപ്പുണ്ടായിരുന്നു. അകെ ക്യാഷായി ചിട്ടപ്രകാരം 11,079/- രൂപ ആയിരുന്നു. വ്യത്യാസം വന്ന 294/-രൂപ ചില്ലറയുടെ അഭാവത്തിൽ കൈയ്യിൽനിന്ന് എടുത്തിരുന്ന തുക കൂടി കളക്ഷൻതുകയിൽ ഉണ്ടായിരുന്നു എന്നറിയിച്ചിട്ടുണ്ട്. ഇത്തരം അപാകതകൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-10 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ഫ്രണ്ട്ഓഫീസ്സംവിധാനം ഫലപ്രദമായി പ്രവർത്തിക്കുന്നു. ക്യാഷ്ബുക്ക്, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ തുടങ്ങിയ രജിസ്റ്ററുകൾ യഥാവിധി സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ ആസ്തിരജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആയതിനാൽ ആസ്തിയിലുൾപ്പെടാത്ത സ്ഥലത്ത് നിർമ്മാണപ്രവൃത്തികൾ നടത്തിയ സന്ദർഭങ്ങളും ഉണ്ടായിട്ടുണ്ട്. തെരുവുവിളക്കുകളുടെയും സ്ട്രീറ്റ് ടാപ്പുകളുടേയും എണ്ണം, തരം എന്നിവ കൃത്യമായി രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഇൻകുമ്പൻസി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. രസീത്ബുക്കുകളിലെ തിരുത്തലുകൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16-06-2017, 17-06-17 | 05/2017 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 6-4-2015മുതൽ 21-4-2015 വരെ | 2010-11മുതൽ 2014-2015 വരെ | 4-8-2015 |

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ-വിശദാംശങ്ങൾ

1)ഒടുക്കുവരുത്തിയതിൽ കുറവ്

പെരിനാട് ഗ്രാമപഞ്ചായത്തിലെ ജീവനക്കാരി ശ്രീമതി.റജൂലാ ബീവിയുടെ പേരിൽ ഇഷ്യു ചെയ്ത രസീത് ബുക്ക് നം.12354 ലെ 74 മുതൽ 86 വരെ രസീതുകൾപ്രകാരം 07.03.2017 തീയതിയിൽ പിരിച്ചെടുത്ത 10,611/- രൂപയിൽ 506/-രൂപ കുറച്ച് 10,105/-രൂപയാണ് ഒടുക്കുവരുത്തിയിരിക്കുന്നത്.(രസീതു നം. 1160610492‌9). ഈ വിഷയം സംബന്ധിച്ച് ഓഡിറ്റന്വേഷണം നൽകിയതിനെതുടർന്ന് (നം.2/16-17/25-07-17) കുറച്ചടച്ച 506/-രൂപ 25-07-17ലെ 117060101777-ാം നമ്പർ രസീതിൻപ്രകാരം ഒടുക്കുവരുത്തിയിട്ടുണ്ട്.

2)രസീത് ബുക്കിൽ തിരുത്തലുകൾ ഒറിജിനലിന്റെ സൂക്ഷിപ്പും ക്രമപ്രകാരമല്ല

ഗ്രാമപഞ്ചായത്തിൽ 2016-17 വർഷത്തിൽ ഉപയോഗിച്ച പല രസീതുബുക്കുകളിലും തിരുത്തലുകൾ വരുത്തിയിട്ടുള്ളതായും അവ സാക്ഷ്യപ്പെടുത്തിയിട്ടില്ലെന്നും ബോധ്യപ്പെട്ടിട്ടുണ്ട്. കൂടാതെ ഡബിൾ സൈഡഡ് കാർബൺ ശരിയായരീതിയിൽ ഉപയോഗിക്കാത്തതുകാരണം പല പേജുകൾക്കും വ്യക്തതയില്ല.

ഉദാ:- രസീത് ബുക്ക് നം.39415 ലെ 70 മുതൽ 76 വരെ രസീതുകൾ

രസീതുകൾ യഥാവിധി പരിപാലിക്കേണ്ടതാണ്.

### 2-2 തൊഴിൽനികുതി ഈടാക്കിയിട്ടില്ല

1)ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ട്രിനിറ്റി ലൈസിയം സ്കൂൾ, നാന്തിരിക്കൽ, സാരംഗ് സ്കൂൾ, വെള്ളിമൺ എന്നീ സ്ഥാപനങ്ങളിൽനിന്ന് 2016-17 സാമ്പത്തികവർഷത്തിൽ രണ്ട് അർദ്ധവർഷത്തെയും സ്ഥാപനനികുതി ഈടാക്കിയിട്ടില്ല.

2)പി.എച്ച്.സെക്ഷൻ, കേരള വാട്ടർ അതോറിറ്റിയിലെ 2016-17 രണ്ടാം അർദ്ധവർഷത്തെ ജീവനക്കാരുടെ തൊഴിൽനികുതി ഒടുക്കിയിട്ടില്ല.

3)പഞ്ചായത്തുപരിധിയിൽ പ്രവർത്തിക്കുന്ന മൌണ്ട് കാർമ്മൽ സ്കൂൾ, നാന്തിരിക്കൽ, സാരംഗ് സ്കൂൾ വെള്ളിമൺ, ചിന്മയ വിദ്യാലയ, ചന്ദനത്തോപ്പ് എന്നീ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി നിർണ്ണയസ്റ്റേറ്റ്മെൻറ് വിശ്വാസയോഗ്യമല്ലാത്തതായി ഓഡിറ്റ് വിലയിരുത്തുന്നു. അദ്ധ്യാപകരുടെ പ്രതിമാസശമ്പളം 3,000/-, 4,000/-, 4,500/- രൂപയായി കാണിച്ചിരിക്കുന്നു. ഉത്സവബത്തയിനത്തിലുള്ള വരവ് സമർപ്പിച്ചിട്ടുമില്ല.

മിനിമം വേജസ്സ് ആക്ട് പരിധിയിലുള്ള ഈ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി നിർണ്ണയ സ്റ്റേറ്റ്മെൻറുകൾ അംഗീകരിക്കാതിരിക്കുന്നതിന് കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ 1996ചട്ടം 10 ഉപചട്ടം 3 പ്രകാരം നടപടികളെടുത്തിട്ടില്ല.

ഈ വിഷയം സംബന്ധിച്ച് ഓഡിറ്റന്വേഷണം നൽകിയതിനെ തുടർന്ന് (നം.8/16-17 /26-07-17) ക്രമ നം.1-ൽ പ്രതിപാദിച്ചിട്ടുള്ള സാരംഗ് എന്ന സ്ഥാപനം രണ്ട് അർദ്ധവർഷത്തെയും സ്ഥാപനനികുതി 26-07-17ലെ 117060101790 നമ്പർ രസീതിൻ പ്രകാരം ഒടുക്കുവരുത്തിയിട്ടുണ്ട്. മറ്റു സ്ഥാപനങ്ങളിൽനിന്നുകൂടി നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-3 ഡി&ഒ ലൈസൻസ് -തൊഴിൽ നികുതി സംബന്ധിച്ച്

ഡി&ഒ ലൈസൻസിന് ഹാജരാക്കിയ രേഖകൾപ്രകാരം വിവിധ വാർഡുകളിൽ പ്രവർത്തിക്കുന്ന പല സ്ഥാപനങ്ങളിലേയും ജീവനക്കാരെ തൊഴിൽനികുതി കണക്കാക്കുന്നതിന് പരിഗണിച്ചിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം (അപേക്ഷയിൽ സമർപ്പിച്ചിട്ടുള്ളത് പ്രകാരം) |
|---|---|---|
| 1 | ചോതി എന്റർപ്രൈസസ്, ഇടവട്ടം | 250 |
| 2 | തമ്പുരാൻ കാഷ്യൂസ്, വെള്ളിമൺ | 100 |
| 3 | ഹയാത്ത് കാഷ്യൂ കമ്പനി, സ്റ്റാർച്ച് ജംഗ്ഷൻ | 100 |
| 4 | എം.എസ്.കെ കാഷ്യൂ കമ്പനി, ചന്ദനത്തോപ്പ് | 89 |
| 5 | എം.എസ്.കെ കാഷ്യൂ പായ്ക്കിങ് സെന്റർ | 7 |
| 6 | ചോയ്സ് കാഷ്യൂസ്, കേരളപുരം | 15 |
| 7 | റോയൽ ഓട്ടോമൊബൈൽസ് | 10 |

ലൈസൻസ് അനുവദിക്കുന്ന വേളയിൽതന്നെ ഇത്തരം സ്ഥാപനങ്ങളിലെ ജീവനക്കാരുടെ എണ്ണംകൂടി ശേഖരിക്കേണ്ടതും അതനുസരിച്ച് തൊഴിൽനികുതി പിരിക്കേണ്ടതുമാണ്. ഇപ്രകാരം പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ മുഴുവൻ ജീവനക്കാരിൽനിന്നും 2016-17 വർഷം തൊഴിൽനികുതി പിരിച്ച് വിവരം അറിയിക്കേണ്ടതാണ്. ഈ വിഷയം സംബന്ധിച്ച് ഓഡിറ്റന്വേഷണം നൽകിയതിന് (നം.10/16-17/27-07-17) മറുപടി ലഭ്യമാക്കിയിട്ടില്ല.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ഇ.എം.എസ് ഭവനപദ്ധതി ലോൺ അക്കൗണ്ട്- ഒടുക്കുന്ന മുതൽ പലിശയിൽ അഡ്ജസ്റ്റ് ചെയ്യുന്നനടപടി ക്രമരഹിതം

ഇ.എം.എസ് ഭവനപദ്ധതിയ്ക്കായി പെരിനാട് ഗ്രാമപഞ്ചായത്ത് വെള്ളിമൺ സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്കിൽനിന്നും 2010-11 സാമ്പത്തികവർഷം 1,91,62,500/- രൂപ ലോൺ എടുത്തു. സർക്കാർ ഉത്തരവ് നം. (സാധാ) 316/2010 തീയതി 28.1.2010 പ്രകാരം മുതൽ തിരിച്ചടവ് ഗ്രാമപഞ്ചായത്ത് നേരിട്ടും പലിശ സർക്കാരും ആണ് ഒടുക്കേണ്ടത്. എന്നാൽ പെരിനാട് ഗ്രാമപഞ്ചായത്തിന്റെ ലോൺ അക്കൗണ്ട് പരിശോധിച്ചപ്പോൾ ഗ്രാമപഞ്ചായത്ത് ഒടുക്കുവരുത്തുന്ന മുതലും സർക്കാർ ഒടുക്കുന്ന പലിശതുകയും അന്നേദിവസംവരെയുള്ള പലിശ കണക്കാക്കി തുക കുറച്ചതിനുശേഷം ബാക്കി ആണ് മുതൽ തുകയിൽ വരവുവയ്ക്കുന്നത്. ആയതിനാൽ ഗ്രാമപഞ്ചായത്ത് ഒടുക്കാൻ ശേഷിക്കുന്ന തുകയല്ല ലോൺ അക്കൌണ്ട് പ്രകാരമുള്ള നീക്കിബാക്കി. പഞ്ചായത്തിന്റെ കണക്കുപ്രകാരം ലോൺ അക്കൗണ്ടിൽ 40,25,442/-രൂപ ആണ് ഇനി ഒടുക്കാൻ ബാക്കി നിൽക്കുന്ന മുതൽ തുക. എന്നാൽ ബാങ്കിന്റെ സ്റ്റേറ്റ്മെന്റ്പ്രകാരം മുതലും പലിശയുമുൾപ്പെടെ 91,54,711/- രൂപയാണ് ഒടുക്കാൻ ബാക്കി നിൽക്കുന്നത്. (അക്കൗണ്ട് നം-030066024900001) ഇപ്രകാരം ഒടുക്കുന്ന മുതൽ പലിശയിൽ അഡ്ജസ്റ്റ് ചെയ്യുന്നതുമൂലം മുതൽ/പലിശ ഇനങ്ങളിൽ തുക അധികമായി ഒടുക്കേണ്ട സ്ഥിതിവിശേഷം സംജാതമാകുന്നതാണ്. മേൽ സൂചിത സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾപ്രകാരം ഗ്രാമപഞ്ചായത്ത് ഒടുക്കുന്ന മുതൽ പൂർണ്ണമായി മുതലായി തന്നെ വരവ് വയ്ക്കാനും ഒടുക്കാനവശേഷിക്കുന്ന പലിശ തുക കണക്കാക്കി അറിയിക്കാനുമുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

### 3-2 ദേശീയ പെൻഷൻപദ്ധതി-വസൂലാക്കിയ പെൻഷൻ വിഹിതവും ആനുപാതികമായ പഞ്ചായത്ത് വിഹിതവും അടവാക്കിയില്ല.

പെരിനാട് ഗ്രാമപഞ്ചായത്തിൽ 2016 ഏപ്രിൽ മാസം മുതൽ 2017 മാർച്ച് മാസംവരെ ജോലി ചെയ്തിരുന്ന ജീവനക്കാരിൽ ദേശീയ പെൻഷൻപദ്ധതിയിൽ ഉൾപ്പെട്ട ജീവനക്കാരിൽനിന്നും വസൂലാക്കിയ പെൻഷൻവിഹിതം പ്രസ്തുത ജീവനക്കാരുടെ PRAN അക്കൌണ്ടിൽ അടവാക്കിയിട്ടില്ല. കൂടാതെ ജീവനക്കാരുടെ പെൻഷൻ വിഹിതമായി

ശമ്പളത്തിൽനിന്നും കുറയ്ക്കുന്ന തുകയ്ക്ക് ആനുപാതികമായ പഞ്ചായത്തുവിഹിതവും അടവാക്കിയിട്ടില്ല. വാർഷികധനകാര്യപത്രികപ്രകാരം, ഈ ഇനത്തിൽ 67,762/- (33,881+33,881) രൂപ അടവാക്കാനുണ്ട്. ആയത് അടവാക്കാൻ നടപടി ഉണ്ടാവേണ്ടതാണ്.

## 3-3 ദേശീയ പെൻഷൻ പദ്ധതിയിലെ വിഹിതം തിരികെ നൽകി

ദേശീയ പെൻഷൻപദ്ധതിയിൽ ഉൾപ്പെട്ട ശ്രീമതി.വിദ്യ.വി, ക്ലാർക്കിന്റെ ശമ്പളത്തിൽ നിന്നും ഏപ്രിൽ 2017 മുതൽ ജനുവരി 2017 വരെ കാലയളവിൽ പിടിച്ച പെൻഷൻ വിഹിതം 17,081/- രൂപ ജീവനക്കാരിക്കുതന്നെ തിരികെ നൽകിയതായി കാണുന്നു. [വൗച്ചർനം.21600450, ചെക്ക് നമ്പർ 4722 തീയതി 19.10.16]. വകുപ്പ് വിട്ടുപോകുന്ന അവസരത്തിൽ ദേശീയ പെൻഷൻപദ്ധതിയിലെ വിഹിതം തിരികെ നൽകുന്നതിന് സർക്കാർ നിർദ്ദേശമില്ലാത്തതിനാൽ ശ്രീമതി. വിദ്യ.വി, ക്ലാർക്ക് തസ്തികയിൽ പെരിനാട് പഞ്ചായത്തിൽ ജോലിചെയ്തിരുന്ന കാലയളവിലെ ദേശീയ പെൻഷൻപദ്ധതിയിലേക്കുള്ള പഞ്ചായത്ത് വിഹിതവും ജീവനക്കാരന്റെ വിഹിതവും ജീവനക്കാരന്റെ PRAN അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടിയിരുന്നു. ക്രമരഹിതമായ നടപടി കൈക്കൊണ്ടതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-4 ഫണ്ടുകളുടെ വിനിയോഗത്തിൽ ഗുരുതര വീഴ്ച **-1,15,96,676/-** രൂപ ചെലവഴിക്കപ്പെട്ടിട്ടില്ല

വികസനപദ്ധതികൾ നടപ്പിലാക്കുന്നതിലേക്കായി ഗ്രാമപഞ്ചായത്തിന് വിവിധ ഗ്രാന്റിനങ്ങളിൽ സംസ്ഥാന ബജറ്റ് വിഹിതമായി തൻവർഷം 1,15,96,676/-രൂപ അനുവദിച്ച് നല്കിയതിൽ ചെലവഴിക്കപ്പെട്ടിട്ടില്ല.

സാമൂഹികനീതിയും സാമ്പത്തികവികസനവും ലക്ഷ്യമാക്കിയുള്ള വിവിധ പദ്ധതികൾക്കായി സർക്കാർ ഗ്രാമപഞ്ചായത്തിന് തൻവർഷം അനുവദിച്ച് നൽകിയ ഗ്രാന്റുകളുടെയും ഫണ്ടുകളുടെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | അനുവദിച്ച തുക | ചെലവഴിച്ച തുക | ചെലവഴിക്കപ്പെടാത്തതിനാൽ നഷ്ടമായ തുക |
|---|---|---|---|
| പദ്ധതിവിഹിതം(ജനറൽ) | 16388360 | 14182503 | 2205857 |
| പദ്ധതിവിഹിതം(എസ്.സി.പി) | 10225668 | 7185647 | 3040021 |
| പദ്ധതിവിഹിതം(റ്റി.എസ്.പി) | 23532 | 0 | 23532 |
| ധനകാര്യകമ്മിഷൻ ഗ്രാന്റ് | 9190557 | 6011470 | 3179087 |
| ലോകബാങ്ക് ധനസഹായം | 3672040 | 3587808 | 84232 |
| സംരക്ഷണഗ്രാന്റ്(റോഡ്) | 3296955 | 293107 | 3003848 |
| സംരക്ഷണഗ്രാന്റ്(നോൺ-റോഡ്) | 4778049 | 4717950 | 60099 |
| ആകെ | | | 1,15,96,676- |

സർക്കാരിൽനിന്ന് ലഭ്യമായ ഗ്രാന്റുകൾ വിനിയോഗിക്കുവാൻ സാധ്യമാകുംവിധത്തിൽ വാർഷികപദ്ധതി തയ്യാറാക്കി ഫണ്ടുകൾ വകയിരുത്തിയെങ്കിലും പദ്ധതിനിർവ്വഹണത്തിലെ വീഴ്ചകൾമൂലമാണ് ₹ 1,15,96,676/- ചെലവഴിക്കാൻ കഴിയാതെവന്നത്. സർക്കാർ അനുവദിച്ച് നൽകുന്ന ഗ്രാന്റുകളുംഫണ്ടുകളും നിയമാനുസൃതസമയപരിധിക്കുള്ളിൽ ചെലവഴിച്ച് ഗ്രാമപഞ്ചായത്തിന്റെ വികസനപ്രവർത്തനങ്ങൾ ഊർജ്ജിതമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-5 ഐ.കെ.എമ്മിന് അടയ്ക്കേണ്ട വിഹിതം-കൈപ്പറ്റ് രസീത്, വിനിയോഗം ഇല്ല

പ്രോജക്ട് നമ്പർ 8/16-17

പ്രോജക്ട് - ഐ.കെ.എമ്മിന് അടയ്ക്കേണ്ട വിഹിതം

അടങ്കൽ – 1,23,154/-രൂപ

ചെലവ് – 1,23,154/-രൂപ

ബിൽ നമ്പർ 20/16-17/30-12-16

ഡി.ഡി. നമ്പർ 992315/4-1-2017

പ്രസ്തുതതുകയുടെ ഡി.ഡി എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എമ്മിന് അയച്ചു നൽകിയെങ്കിലും ആയതിന്റെ കൈപ്പറ്റുരസീത്, വിനിയോഗം എന്നിവ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഈയിനത്തിൽ ചെലവാക്കിയ 1,23,154/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ആവശ്യമായ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-6 സ്ഥലംമാറ്റ യാത്രാബത്ത -പേഴ്സണൽ എഫക്ട്സിന് അധികം തുക അനുവദിച്ചു

വിവിധ പഞ്ചായത്തുകളിൽനിന്നും സ്ഥലംമാറ്റം ലഭിച്ച് പെരിനാട് പഞ്ചായത്തിൽ ജോലിയിൽ പ്രവേശിച്ച നാല് ജീവനക്കാർക്ക് സ്ഥലംമാറ്റ യാത്രാബത്തയിനത്തിൽ വൗച്ചർ നമ്പർ 21600117/1.6.2017 പ്രകാരം 15,817/- രൂ ചെലവഴിച്ചിട്ടുണ്ട്. "പേഴ്സണൽ എഫക്ട്സ് " കൊണ്ട് പോകുന്നതിന് നാലു പേർക്കും 2000kg ക്ക് ബാധകമായ നിരക്കാണ് അനുവദനീയം. റോഡുമാർഗ്ഗം കൊണ്ടുവരുന്നതിന്, അനുവദനീയമായ മൈലേജ് അലവൻസിന്റെ മൂന്നിരട്ടിയോ ട്രെയിൻമാർഗ്ഗം കൊണ്ടുവരുന്നതിന് ചരക്ക് തീവണ്ടിയിൽ വീട്ടുസാധനം കൊണ്ടുവരുന്നതിനുള്ള നിരക്കോ അനുവദിക്കാവുന്നതാണ് (class 160). എന്നാൽ ബിൽപ്രകാരം കിലോമീറ്ററിന് 6/- രൂപ നിരക്കിലുള്ള തുകയാണ് പേഴ്സണൽ എഫക്ട്സിന് അനുവദിച്ചിട്ടുള്ളത്.വിശദ വിവരം ചുവടെ ചേർക്കുന്നു.(20-05-2014 മുതൽ നിലവിലുള്ള IRCA Goods Tariffs PT.1(Volume.II) Frieght Class 160 പ്രകാരമുള്ള നിരക്കാണ് അനുവദിക്കാവുന്നത്).

| ക്രമ നമ്പർ | ജീവനക്കാരുടെ പേര്/ഉദ്യോഗപ്പേര് | റയിൽ ദൂരം | പേഴ്സണൽ എഫക്ട്സിന് അനുവദിച്ച | പേഴ്സണൽ എഫക്ട്സിന് അനുവദിക്കാവുന്ന | അധികം നൽകിയ തുക |
|---|---|---|---|---|---|

| | | | തുക | തുക (രൂപ) | |
|---|---|---|---|---|---|
| 1 | ഷിബി- ജെ.എസ്സ് | 353 | 2118 | 1080(2x540) | 1038 |
| 2 | ബി.വിജയകുമാരൻ - അക്കൌണ്ടന്റ് | 404 | 2424 | 1212(2x606) | 1212 |
| 3 | ബീനരാജൻ- സീനിയർ ക്ലാർക്ക് | 323 | 1938 | 952(2x476) | 986 |
| 4 | ജോസ് ഗബ്രിയേൽ സീനിയർ ക്ലാർക്ക് | 97 | 582 | 412(2x206) | 170 |
| | | | | ആകെ | 3,406/-രൂപ |

അധികം നൽകിയ തുക 3,406/- രൂപ ബന്ധപ്പെട്ട ജീവനക്കാരിൽനിന്നും ഈടാക്കി പഞ്ചായത്തുഫണ്ടിൽ അടവാക്കേണ്ടതാണ്.

## 3-7 കോൺഫറൻസ് ഹാളിന് ഫർണീച്ചർ -ഇല്ലാത്ത ഇനങ്ങൾക്ക് തുക നൽകി

കോൺഫറൻസ് ഹാളിന് ഫർണീച്ചർ എന്ന പ്രോജക്ടിനായി (പ്രോജക്ട് നമ്പർ 163/16-17) ധനകാര്യകമ്മീഷൻ അവാർഡിൽനിന്നും 11,10,000/- രൂപ വകയിരുത്തിയിരുന്നു. റബ്കോയുടെ 9-3-2017 തീയതിയിലെ RHW/16-17/484 നമ്പർ ഇൻവോയ്സ്പ്രകാരം ആവശ്യമായ സാധനങ്ങൾ വാങ്ങുകയും ബിൽ നമ്പർ 63/16-17 /31-3-2017പ്രകാരം 11,09,041/- രൂപ പിൻവലിച്ച് റബ്കോയ്ക്ക് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ ബിൽപ്രകാരം സപ്ലൈ ചെയ്തതായി കാണിച്ചിട്ടുള്ള സാധനങ്ങളുടെ അളവിലും എണ്ണത്തിലും വ്യത്യാസം കാണുന്നു. ഇത്തരത്തിൽ അധികം തുക ചെലവഴിച്ചിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| റബ്കോ നൽകിയ സാധനങ്ങൾ | എണ്ണം | റേറ്റ്/സീറ്റർ | നൽകിയതുക | പ്രാദേശിക പരിശോധനയിൽ കണ്ടെത്തിയ എണ്ണം | കുറവുള്ള എണ്ണം | അധികം നൽകിയ തുക |
|---|---|---|---|---|---|---|
| ഡയസ് | 10 സീറ്റർ | 7134.50 | 71,345/- | 8സീറ്റർ | 2സീറ്റർ | 14,269/- |
| ഡയസ് | 6 സീറ്റർ | 7134.50 | 42,804 | 5സീറ്റർ | 1 സീറ്റർ എ | 7,134.50 |
| വാറ്റ് | | 14.5% | 16,551.6 | | | 3,103.5 |
| ആകെ | | | 1,30,700.6 | | | 24,507/- |

മേൽ വിഷയംചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (7/26.7.17) അളവില്ലുള്ള വ്യത്യാസംകൊണ്ടാണ് ഇത്തരത്തിൽ സീറ്റിന്റെ എണ്ണത്തിൽ വ്യത്യാസമുണ്ടായതെന്ന മറുപടി ലഭ്യമാക്കി. അധികം നൽകിയ തുക നിരാകരിക്കുന്നു. ആയത് സ്ഥാപനത്തിൽനിന്ന് തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-8 തെരുവു വിളക്കുകൾക്ക് പുതിയ ഉപകരണങ്ങൾ വാങ്ങൽ-തുക അധികം നൽകി

തെരുവുവിളക്കുകൾക്ക് പുതിയ ഉപകരണങ്ങൾ വാങ്ങൽ (പ്രോജക്ട് നമ്പർ 14/16-17 ) പദ്ധതി പ്രകാരം വികസനഫണ്ട് ജനറലിൽനിന്നും 91,003/- രൂപ അടങ്കൽ വച്ചിരുന്നതിൽ നിന്നും ബിൽ നമ്പർ 27/16-17/31-1-2017 പ്രകാരം പിൻവലിച്ച 74,513/- രൂപ ഉപയോഗിച്ച് ഗോവിന്ദ് അസോസിയേറ്റ് ,പൂവറ്റൂർ ഈസ്റ്റ്, കലയപുരം എന്ന സ്ഥാപനത്തിൽനിന്നും തെരുവു വിളക്കുകൾക്ക് പുതിയ ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. ടെണ്ടർപ്രകാരം കുറഞ്ഞനിരക്ക് രേഖപ്പെടുത്തിയിരുന്ന ഗോവിന്ദ് അസോസിയേറ്റ് എന്ന സ്ഥാപനം സമർപ്പിച്ച 25-01-2017 തീയതിയിലെ ഇൻവോയ്സ് നമ്പർ 012 പ്രകാരം ടെണ്ടറിൽ പറഞ്ഞിരിക്കുന്നതിലും കൂടിയ തുകയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ടെണ്ടർ പ്രകാരമുള്ള നിരക്ക് | ബിൽ പ്രകാരം നൽകിയ നിരക്ക് | എണ്ണം | നൽകേണ്ട തുക (രൂപ) | നൽകിയ തുക (രൂപ) | അധികം നൽകിയത് (രൂപ) |
|---|---|---|---|---|---|---|
| ഇൻസുലേഷൻ ടേപ്പ് | 7.50 | 9.995 | 800 | 6000 | 7996.68 | 1,997 |
| അലുമിനിയം വയർ 1.5 എം2 | 165 | 189 | 20 | 3300 | 3780 | 480 |
| കണക്ടർ | 12 | 24.99 | 200 | 2400 | 4999.07 | 2,599.07 |
| ഹുക്ക് അപ് വയർ | 153 | 289.99 | 20 | 3060 | 5799.99 | 2,740 |
| ആകെ | | | | | | 7,816/- |

പ്രസ്തുത ടെണ്ടർപ്രകാരം ലഭിച്ച ബാക്കി എല്ലാ ഉപകരണങ്ങളും ടെണ്ടർപ്രകാരവും ബിൽ പ്രകാരവും ഓരേ നിരക്കിൽ ആണ്. മേൽ പറഞ്ഞിരിക്കുന്ന 4 ഇനങ്ങളിൽമാത്രം ഇങ്ങനെ തുക അധികം നൽകാനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (7/26-7-17) മറുപടിയോടൊപ്പം പ്രസ്തുത തുക 28-07-2017 തീയതിയിലെ 117060101838 നമ്പർ രസീതുപ്രകാരം തിരികെ ഒടുക്കിയ രേഖകൾ ഹാജരാക്കിയിട്ടുണ്ട്. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-9 വ്യക്തിഗത കക്കൂസ് നിർമ്മാണം-പണി പൂർത്തിയാക്കിയില്ല

2016-17 വർഷം വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ഗാർഹിക കക്കൂസ്നിർമ്മാണം (പ്രോജക്ട് നം: 1/16-17),വ്യക്തിഗത കക്കൂസ് നിർമ്മാണം (പ്രോജക്ട് നമ്പർ: 143/15-16 സ്പിൽ ഓവർ) എന്നീ പ്രോജക്ടുകളിൽ ആദ്യഗഡു 6,000/- രൂപ കൈപ്പറ്റിയശേഷം നാളിതുവരെ പണി പൂർത്തിയാക്കി അവസാനഗഡു കൈപ്പറ്റിയിട്ടില്ലാത്ത ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

1. ശ്രീമതി.ഷീബ, പാലക്കട ജയന്തി കോളനി
2. ശ്രീമതി.ഷീല, പുലിയോരത്ത് പുത്തൻവീട്
3. ശ്രീമതി.സുനി ,പ്രകാശ് ജയന്തി കോളനി
4 .ശ്രീമതി.സലീന, പുലിയോരത്തു പുത്തൻവീട്.
5. ശ്രീമതി.ലൂർദ് മേരി, സഫൽനിവാസ്.
6. ശ്രീമതി.ജയ ആന്റണി, വിപിൻ നിവാസ്
7 . ശ്രീമതി.സുധ, പാലക്കട ജയന്തി കോളനി

ഏഴുപേരുടെയും കക്കൂസിന്റെ പണി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ ഉണ്ടാവേണ്ടതാണ്.

## 3-10 തുക ചെലവഴിച്ചിട്ടും ഉപകരണം സ്ഥാപിച്ചിട്ടില്ല

ഹെഡ്മിസ്ട്രസ് നിർവഹണം നടത്തിയ താഴെപ്പറയുന്ന പ്രോജക്ടുകളിൽ 50% തുക അഡ്വാൻസ് നൽകിയിട്ടും നാളിതുവരെ ഉപകരണം നൽകിയിട്ടില്ല.

| പ്രോജക്ട് നമ്പർ,പേര് | അടങ്കൽ | ആകെ തുക | 50% അഡ്വാൻസ് ആയി നൽകിയ തുക | ബിൽ നമ്പർ | ഡി.ഡി.നമ്പർ |
|---|---|---|---|---|---|
| ഷീ പാഡ് പദ്ധതി ,58/17 | 22,000/- (വികസനഫണ്ട് ജനറൽ) | 18,090 | 9,045 | 1/24-1-2017 | 992860/ 30-1-17 |
| സ്കൂളിലേക്ക് നാപ്കിൻ ഇൻസിനറേറ്റർ ,59/17 | 50,000/- | 40,242 | 20,121 | 2/24-1-2017 | 992809/ 1-2-17 |

ടി തുകകൾ 6-2-2017 തീയതിയിലെ 12226 നമ്പർ രസീതുപ്രകാരം കേരളാ സ്റ്റേറ്റ് വനിതാവികസനകോർപ്പറേഷൻ സ്വീകരിച്ചിട്ടുണ്ട്. വെള്ളിമൺ ഗവൺമെന്റ് യു.പി.എസ്സിൽ പ്രസ്തുത ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുണ്ടോ എന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 13/28-7-2017ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ

ഇതിനുവേണ്ടി ചെലവഴിച്ച 29,166/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഉപകരണം സ്ഥാപിച്ച് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-11 അങ്കണവാടികൾക്ക് പ്ലമ്പിംഗം വാട്ടർ കണക്ഷനും

പ്രോജക്റ്റ് നമ്പർ 12/16-17 പ്രകാരം മെയിന്റനൻസ് ഗ്രാന്റ് റോഡിതരത്തിൽനിന്നും വകയിരുത്തിയിരുന്ന 2 ലക്ഷം ബിൽ നമ്പർ 51/16-17/31-3-2017 പ്രകാരം പിൻവലിച്ച് കേരള വാട്ടർ അതോറിറ്റി പി.എച്ച്. സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർക്ക് നൽകിയിട്ടുണ്ട്. ആയതിലേക്ക് തയ്യാറാക്കിയ എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിരിക്കുന്ന അങ്കണവാടി നമ്പർ 24-ന് നിലവിൽ കുടിവെള്ള സൗകര്യമുള്ളതാണെന്ന് ഐ.സി.ഡി.എസ് സൂപ്പർവൈസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. (2015-16 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-2) സ്വന്തം കെട്ടിടത്തിൽ കുടിവെള്ള സൗകര്യമില്ലാത്ത അങ്കണവാടികൾ ഉള്ളപ്പോൾ കുടിവെള്ളസൗകര്യമുള്ള അങ്കണവാടിക്കായി എസ്റ്റിമേറ്റെടുത്ത് തുക ഒടുക്കിയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിനമ്പർ (7/26-7-2017 )ക്ക് മറുപടിയായി പൊതുകിണർ ആയതിനാലാണ് എന്ന മറുപടി അംഗീകരിക്കാനാവില്ല. സ്വന്തം കെട്ടിടത്തിൽ കുടിവെള്ള സൗകര്യമില്ലാത്ത അങ്കണവാടികൾക്കായി പ്രസ്തുത എസ്റ്റിമേറ്റിൽ മാറ്റംവരുത്തി വിവരം അറിയിക്കേണ്ടതാണ്.

## 3-12 വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

| പ്രോജക്റ്റ് | ബിൽ നമ്പർ | തുക | തുക കൈപ്പറ്റിയ എജൻസി | അഭിപ്രായ ക്കുറിപ്പ് |
|---|---|---|---|---|
| അങ്കണവാടികൾക്ക് പ്ലംബിംഗം വാട്ടർ കണക്ഷനും | 51/16-17/ 31-3-2017 | 2,00,000/- | കേരളാ വാട്ടർ അതോറിറ്റി | നാളിതുവരെ പണി തുടങ്ങിയിട്ടില്ല |
| ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിംഗ്(പ്രോജക്റ്റ് നമ്പർ 117/16-17) | 45/16-17/ 14-3-2017 | 1,00,000/- | ഇലക്ട്രിസിറ്റി ബോർഡ് കുണ്ടറ | നാളിതുവരെ പണി തുടങ്ങിയിട്ടില്ല |
| ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിംഗ്(പ്രോജക്റ്റ് നമ്പർ 117/16-17) | 55/16-17/ 31-3-2017 | 36,452/- | ഇലക്ട്രിസിറ്റി ബോർഡ് കിളിക്കൊല്ലൂർ | നാളിതുവരെ പണി തുടങ്ങിയിട്ടില്ല |
| ലൈൻ എക്സ്റ്റൻഷൻ | 49/16-17/ | 3,00,000/- | ഇലക്ട്രിസിറ്റി | നാളിതുവരെ |

| | | | | |
|---|---|---|---|---|
| (പ്രോജക്ട് നമ്പർ 117/16-17) | 31-3-2017 | | ബോർഡ് കുണ്ടറ | പണി തുടങ്ങിയിട്ടില്ല |
| ലൈൻ എക്സ്റ്റൻഷൻ (പ്രോജക്ട് നമ്പർ 117/16-17) | 50/16-17/ 31-3-2017 | 5,000/- | ഇലക്ട്രിസിറ്റി ബോർഡ് കിളിക്കൊല്ലൂർ | നാളിതുവരെ പണി തുടങ്ങിയിട്ടില്ല |
| ലൈൻ എക്സ്റ്റൻഷൻ (പ്രോജക്ട് നമ്പർ 117/16-17) | 56/16-17/ 31-3-2017 | 57,750/- | ഇലക്ട്രിസിറ്റി ബോർഡ് കിളിക്കൊല്ലൂർ | നാളിതുവരെ പണി തുടങ്ങിയിട്ടില്ല |
| പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള പൊതു കെട്ടിടങ്ങൾക്ക് വൈദ്യുതി കണ ക്ഷൻ ലഭ്യമാക്കൽ (പ്രോജക്ട്നമ്പർ 148/ 16-17) | 42/16-17/ 15-3-2017 | 11,000/- | ഇലക്ട്രിസിറ്റി ബോർഡ് കുണ്ടറ | കറണ്ട് കണക്ഷൻ ലഭ്യമായിട്ടില്ല. |
| അങ്കണവാടിക്ക് വൈദ്യുതി കണക്ഷൻ (പ്രോജക്ട് നമ്പർ 154/16-17) | 43/16-17 /15-3-2017 | 2,700/- | ഇലക്ട്രിസിറ്റി ബോർഡ് കുണ്ടറ | കറണ്ട് കണക്ഷൻ ലഭ്യമായിട്ടില്ല. |
| അങ്കണവാടിക്ക് വൈദ്യുതി കണക്ഷൻ (പ്രോജക്ട് നമ്പർ 154/16-17) | 67/16-17 /31-3-2017 | 14,000/- | ഇലക്ട്രിസിറ്റി ബോർഡ് കുണ്ടറ | കറണ്ട് കണക്ഷൻ ലഭ്യമായിട്ടില്ല. |
| | ആകെ | 7,26,902/- | | |

ഈയിനത്തിൽ ചെലവായ 7,26,902/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ആവശ്യമായ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-13 മരുന്ന്/ഉപകരണങ്ങൾ പൂർണ്ണമായി ലഭ്യമാക്കിയിട്ടില്ല

മെഡിക്കൽ ഓഫീസർ ആയുർവേദം, അലോപ്പതി നിർവ്വഹണം നടത്തിയ പ്രോജക്ടുകളിൽ മരുന്നും ഉപകരണങ്ങളും വാങ്ങുന്നതിനായി ഔഷധി, കെ.എം.എസ്.സി.എൽ എന്നീ സ്ഥാപനങ്ങളിൽ തുക മുൻകൂറായി നിക്ഷേപിച്ചിരുന്നുവെങ്കിലും മരുന്നും ഉപകരണങ്ങളും ഇനിയും ലഭ്യമാകാനവശേഷിക്കുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ വിവരം | നിക്ഷേപിച്ച തുക, | ഡി.ഡി/ ബിൽ.നം, | ലഭ്യമാക്കിയ മരുന്ന്/ഉപക | ലഭ്യമാക്കാനവ ശേഷിക്കുന്ന |
|---|---|---|---|---|

| | സ്ഥാപനം | തീയതി | രണങ്ങളുടെ വില | മരുന്ന്/ഉപകര ണങ്ങളുടെ വില |
|---|---|---|---|---|
| ആയുർവേദ ആശുപത്രി മരുന്നുവാങ്ങൽ, 22/17 | 5,00,000/- (ഔഷധി) | 990460 dt 19-11-16 | *3,96,831/-* | 1,03,169/- |
| പി.എച്ച്.സിക്ക് മരുന്നുവാങ്ങൽ, 4/17 | 1,00,000/- (കെ.എം.എസ്.സി.എൽ) | 3/16-17 dt 19-12-2016 | *94,789/-* | 5,211/- |
| പാലിയേറ്റിവ് പരിചരണ പദ്ധതിയിൽ മരുന്നു വാങ്ങൽ, 2/17 (70000/-) | 70,000/- (കെ.എം.എസ്. സി.എൽ) | 8/16-17 dt 15-02-2017 | *43,016/-* | 26,984/- |
| മെഡിക്കൽ ഉപകരണങ്ങൾ വാങ്ങൽ,2/17 (114600/-) | 1,14,600/- (കെ.എം.എസ്. സി.എൽ) | 8/16-17dt 15-02-2017 | 49732/- | 64868/- |
| | | ആകെ | 2,00,232 | |

നാളിതുവരെ 1,35,364/-രൂപയുടെ മരുന്നും 64,868/-രൂപയുടെ ഉപകരണങ്ങളും ലഭ്യമായിട്ടില്ല. മരുന്നുകളും ഉപകരണങ്ങളും ലഭ്യമാക്കുന്നതുവരെ 2,00,232/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## **3-14** എസ്.എസ്.എയ്ക്ക് വിഹിതം നൽകൽ- അധികം തുക നൽകി

പ്രോജക്റ്റ് നമ്പർ 9/16-17

പ്രോജക്റ്റ് എസ്.എസ്.എയ്ക്ക് വിഹിതം നൽകൽ

അടങ്കൽ 7,48,335/-

ചെലവ് 7,48,335/-

ബിൽ നമ്പർ 16/16-17/17-12-16

ഡി.ഡി. നമ്പർ 99198/30-12-2016

എന്നാൽ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയതിൽ താഴെവിവരിക്കും പ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു.

വർഷം 2016-17

ആകെ വിഹിതം 7,35,198/-

ലഭിച്ച വിഹിതം 7,48,355/-

വിനിയോഗിച്ച തുക 7,35,198/-

കിട്ടാനുള്ള തുക ഇല്ല

നൽകിയ തുകയിൽ 13,157/-രൂപ വിനിയോഗിക്കാൻ ശേഷിക്കവെ തിരികെ ലഭിക്കാൻ

തുക ഇല്ല എന്നാണ് വിനിയോഗസാക്ഷ്യപത്രം ലഭ്യമായിരിക്കുന്നത്. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (7/26-7-2017) മറുപടിയായി 2010-11 തുടങ്ങിയ വർഷത്തെ നൽകാൻ ബാക്കിയുണ്ടായിരുന്ന തുകയിലേക്ക് അഡ്ജസ്റ്റ് ചെയ്തതാണെന്ന മറുപടി അംഗീകരിക്കുന്നില്ല. ആയത് ഡിമാന്റ് ചെയ്തിട്ടില്ലാത്തതിനാൽ പ്രസ്തുതതുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-15 കുഴിയത്ത് പാടശേഖരസമിതി കെട്ടിടനിർമ്മാണം, 67/17

വികസനഫണ്ട് – 2,50,000/-

കരാറുകാരൻ -ശ്രീ.പ്രദീപ്കുമാർ ജി.എസ്

ബിൽ തുക &നം. -2,61,624/-(12/13.317—2,50,000/-,13/13.3.2017-11,624)

ആകെ മൂല്യം- 2,46,839.43

എം.ബുക്കുനമ്പർ -10/16-17

കുഴിയത്ത് പാടശേഖരസമിതിയുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് 2,61,624/- രൂപ ചെലവുചെയ്ത് ഒരു ഷെഡ് നിർമ്മിച്ചുനൽകി. പാടശേഖരസമിതിയുടെ പേരിൽ സർവ്വേ നം 319/1 പ്രകാരമുള്ള 2.02ആർ സ്ഥലത്താണ് മേൽകെട്ടിടം നിർമ്മിച്ചിരിക്കുന്നത്. പഞ്ചായത്തിന്റെ ആസ്തിയിലുൾപ്പെടാത്ത സ്ഥലത്ത് ആസ്തി സൃഷ്ടിച്ചതിന് അടിസ്ഥാനമാക്കിയ സർക്കാർ ഉത്തരവ് ലഭ്യമാക്കേണ്ടതും ഈ വിഷയത്തിൽ വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്. തുക തടസ്സപ്പെടുത്തുന്നു. ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-16 ഡീസൽ പമ്പ്സെറ്റ്

പെരിനാട് ഗ്രാമപഞ്ചായത്തിന്റെ 2016-17 വാർഷിക പദ്ധതിയിൽ(പ്രോജക്റ്റ് നമ്പർ 181/16-17) ഉൾപ്പെടുത്തി വാങ്ങിയ ഡീസൽ പമ്പ്സെറ്റിന്റെ ലോഗ്ബുക്ക് ഹാജരാക്കിയിട്ടില്ല. ആയത് എത് ആവശ്യത്തിലേക്കാണ് വാങ്ങിയതെന്നും, ബന്ധപ്പെട്ട ബൈലോ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 15/29-7-2017 ന് മറുപടി ലഭ്യമാക്കിയില്ല. ആയത് ലഭ്യമാക്കേണ്ടതാണ്. ആയതിനാൽ പൊതുവിഭാഗം ജനറൽഫണ്ടിൽനിന്നും ഈയിനത്തിൽ ചെലവായ 34,665/-രൂപ (ബിൽ നം. 621/16-17/31.3.17) തടസ്സപ്പെടുത്തുന്നു. ആവശ്യമായ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-17 ഇ.എം.എസ് ഭവനപദ്ധതി തുക ബാക്കി നിൽക്കുന്നു

ഇ.എം.എസ് ഭവനപദ്ധതിയ്ക്കായി വി.ഇ.ഒ, പ്രസിഡന്റ് എന്നിവരുടെ പേരിൽ ഉള്ള 734ാം നമ്പർ അക്കൗണ്ടിൽ 31-3-2017 തീയതിയിൽ 1,29,709/- രൂപ ബാക്കിനിൽക്കുന്നു. ആയത് തിരികെ ലോൺ അക്കൗണ്ടിൽ മുതലായി ഒടുക്കാതിരിക്കുന്നതിന് കാരണം വ്യക്തമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. തുക മുതലിൽ തിരികെഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 2,82,000/- | സമഗ്രപച്ചക്കറി കൃഷി | 2,82,000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 75,000/- | പാലിയേറ്റീവ് കെയർ | 75,000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 75,000/- | മാനസിക വൈകല്യമുള്ളവർക്ക് സ്കോളർഷിപ്പ് | 75,000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 3,40,000 | തോപ്പിൽ മുക്ക് ഓടസ്ലാബ് | 3,40,000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 2,25,000/- | വരട്ടുചിറ ഓട കവറിംഗ് | 1,25,000/- | 100000/- |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 3,25,000/- | വയലിക്കടകുന്നത്ത് നടപ്പാത | 325000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 2,00,000/- | പാലിന് സബ്സിഡി | 2,00,000/- | |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 5,00,000/- | മാലിന്യനിർമ്മാർജ്ജനം | 0 | 5,00,000/- |
| ജില്ലാ പഞ്ചായത്ത് | 2016-17 | 75,000/- | മാനസിക വൈകല്യമുള്ളവർക്ക് സ്കോളർഷിപ്പ് | 75,000/- | 0 |

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം./ചെക്ക് | മുൻകൂർ നൽകിയ | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള |
|---|---|---|---|---|---|

| | | നം. | തുക | | തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | 45/14.3.17<br>55/31.3.17 | 1 ലക്ഷം<br>36,452 | 0 | 1,36,452 |
| കെ.എസ്.ഇ.ബി | ലൈൻ എക്സ്റ്റൻഷൻ | 49/31.3.17 | 3,00,000 | 0 | 3,62,750 |
| | | 59/31.3.17 | 5,000 | | |
| | | 56/31.3.17 | 57,750 | | |
| കേരളാ വാട്ടർ അതോറിറ്റി | പ്ലംബിംഗ് | 51/31.3.17 | 20,000 | 0 | 20,000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് (ഉണ്ടെങ്കിൽ)

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്സ്.ഭവന പദ്ധതി ലോൺ തിരിച്ചടവ് | സ.ഉ.(സാ) നം 316/2010 തീയതി 28.01.2010 | | 60,58,140/- | 20,32,698 | | 40,25,442/- |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 2001-2002<br>3.15 | 2006-2007,<br>3-17-1 | ഖാദി വ്യവസായ സഹകരണ സംഘത്തിന് തുക അനുവദിച്ചത് | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2006-2007<br>3-11 | 2008-2009,<br>3-5-3 | ബാന്റ് ട്രൂപ്പ് രൂപീകരണം | |
| 2003-2004<br>3.22 | 2007-2008,<br>3-7-1 | കോളനി പ്രദേശങ്ങളിലെ മണ്ണ് സംരക്ഷണം | നിയമസഭാ സമിതിയുടെ പരിഗണനയിൽ |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 6,31,53,919 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 5,90,12,696 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 41,070 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 13,75,743 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ |
|---|---|---|

| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-6 | | 3,406/- | ശ്രീ. ബാബുരാജ്, സെക്രട്ടറി |
| 3-7 | | 24,507/- | ശ്രീ. ബാബുരാജ്, സെക്രട്ടറി |
| 3-14 | | 13,157/- | ശ്രീ. ബാബുരാജ്, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 1,23,154/- | ശ്രീ. ബാബുരാജ്, സെക്രട്ടറി |
| 3-10 | 29,166/- | ശ്രീമതി ശ്രീകുമാരി ,എച്ച്.എം |
| 3-12 | 7,26,902/- | ശ്രീ. ബാബുരാജ്, സെക്രട്ടറി |
| 3-13 | 1,03,169/- | ഡോ.ചിത്ര.പി,കെ, എം.ഒ., ആയുർവേദം |
| | 97,063/- | ഡോ.ജോമി തോമസ്, എം.ഒ, പി.എച്ച്.സി |
| 3-15 | 2,61,624/- | ശ്രീ.സന്തോഷ്കുമാർ, എ.ഇ |
| 3-16 | 34,665/- | ശ്രീ.സന്തോഷ്കുമാർ, എ.ഇ |
| ആകെ | 13,75,743 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| ശ്രീ.ബാബുരാജ്, സെക്രട്ടറി | സെക്രട്ടറി , പെരിനാട് ഗ്രാമപഞ്ചായത്ത് | നികേതം, പെരുമ്പുഴപി., കുണ്ടറ |

**4-9** തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | എൽ.എഫ്.ക്യൂ.പി2/1366/ 2014/23.06.2014 | |
| 1998-99 | എൽ.എഫ്.ക്യൂ.പി2/1366/ 2014/23.06.2014 | |
| 1999-00 | എൽ.എഫ്.ക്യൂ.പി2/1366/ 2014/23.06.2014 | |
| 2000-01 | എൽ.എഫ്.ക്യൂ.പി2/1366/ 2014/23.06.2014 | |
| 2001-02 | എൽ.എഫ്.ക്യൂ.പി2/1366/ 2014/23.06.2014 | |
| 2002-03 | എൽ.എഫ്.ക്യൂ.പി2/1366/ 2014/23.06.2014 | |
| 2003-04 | എൽ.എഫ്.ക്യൂ.പി2/1366/ 2014/23.06.2014 | |
| 2004-05 | എൽ.എഫ്.ക്യൂ.പി2/1366/ 2014/23.06.2014 | |
| 2005-06 | എൽ.എഫ്.ക്യൂ.പി2/1366/ 2014/23.06.2014 | |

| | | |
|---|---|---|
| 2006-07 | എൽ.എഫ്.ക്യൂ.പി2/1366/ 2014/23.06.2014 | |
| 2007-08 | എൽ.എഫ്.ക്യൂ.പി2/1366/ 2014/23.06.2014 | |
| 2008-09 | എൽ.എഫ്.ക്യൂ.പി2/1366/ 2014/23.06.2014 | |
| 2009-10 | എൽ.എഫ്.ക്യൂ.പി2/1366/ 2014/23.06.2014 | |
| 2010-11 | എൽ.എഫ്.ക്യൂ.പി2/1366/ 2014/23.06.2014 | |
| 2011-12 | എൽ.എഫ്.ക്യൂ.പി2/1366/ 2014/23.06.2014 | |
| 2012-13 | എൽ.എഫ്.ക്യൂ.പി2/1537/14/ 04.12.14 | |
| 2013-14 & 2014-15 | കെ.എസ്.എ.കെ.എൽ.എം.പി.2-2279/15 /15.11.16 | |
| 2015-16 | കെ.എസ്.എ.കെ.എൽ.എം.പി.2-1837/16 /27.12.16 | |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യലയം, കൊല്ലം.

# 4-10

## സാക്ഷ്യപത്രം-2016-17

കെ.എസ്.എ. കെ.എൽ.എം - പി-4/1615/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

ഫോൺ. 0474-2740141

E-mail: doklm.ksad@kerala.gov.in

തീയതി -12/10/2017.

സാക്ഷ്യപത്രം 2016-2017

1994-ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്തീരാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്തീരാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കൊല്ലം ജില്ലയിലെ പെരിനാട് ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷികധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പെരിനാട് ഗ്രാമപഞ്ചായത്തിന്റെ 2016-17-ലെ വാർഷിക ധനകാര്യപത്രിക, വരവ്ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടിഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാഓഡിറ്റ് കാര്യാലയം,കൊല്ലം